ഖുത്വ്ബ നമ്പർ
**33**
**16-08-2013**

بسم الله الرحمن الرحيم O نحمده ونصلى علىٰ رسوله الكريم O وعلىٰ عبده المسيح الموعود

**ജുമുഅ ഖുത്വ്ബ**
**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**ഖലീഫത്തുൽ മസീഹ് അൽഖാമിസ്** ايده الله تعالىٰ بنصره العزيز

**വിവർത്തനം: എം.നാസിർ അഹ്മദ്, കൊടിയത്തൂർ**

# കുഴപ്പങ്ങൾക്ക് കാരണം ഖിലാഫത്തിന്റെ ശബ്ദം ശ്രവിക്കാത്തതിനാൽ

കുറച്ച് ദിവസങ്ങൾക്കു മുമ്പ് ഒരു ഭാരവാഹിയുമായുള്ള യാദൃശ്ചികമായ സംസാരത്തിനിടെ മതവിജ്ഞാനത്തെ ക്കുറിച്ചും ശിക്ഷണത്തെ കുറിച്ചുമുള്ള ഒരു അവലോകനം എന്റെ മുമ്പിൽ വരികയുണ്ടായി. അതിനു ശേഷം അദ്ദേഹത്തോട് രേഖാമൂലമുള്ള റിപ്പോർട്ടും ഞാൻ ആവശ്യപ്പെടുകയുണ്ടായി. ഇതു കണ്ടപ്പോൾ ചില കാര്യങ്ങൾ ജമാഅത്തിലെ ഒരു വിഭാഗം ആളുകൾക്ക് വിവരിച്ചുകൊടുക്കേണ്ട ആവശ്യമുണ്ടെന്ന് എനിക്ക് മനസ്സിലായി. അതേ പോലെ ഭാരവാഹികൾക്കും ചിലതെല്ലാം പറഞ്ഞു കൊടുക്കേണ്ടതുണ്ടെന്ന് മനസ്സിലായി. ഈ കാര്യങ്ങൾ ഇവിടെയുള്ള ജമാഅത്തിന് വളരെ സുപ്രധാനമായതു പോലെ തന്നെ ലോകത്തുള്ള മറ്റു ജമാഅത്തുകൾക്കും സുപ്രധാനമായവയാണ്. പുതിയ തലമുറക്കും ജമാഅത്ത് പ്രവർത്തനങ്ങളിൽ കൂടുതൽ ഉൾപ്പെടാത്തവർക്കും ഇവ അത്യാവശ്യമാണ്. ഇവ്വിധ കാര്യങ്ങൾ പൊതുവിൽ വിശദീകരിച്ച് പറയാറില്ല. ഇവയെ കുറിച്ച് മുറബ്ബിമാരും ജമാഅത്ത് ഭാരവാഹികളും വേണ്ട വിധത്തിൽ ജമാഅത്തംഗങ്ങളുടെ മുമ്പാകെ വിവരിക്കാറില്ല. ഇതു കാരണം ചിലരുടെ മനസ്സിൽ പല ചോദ്യങ്ങളും ഉദിക്കുന്നു. എന്നാൽ അവർ ആരോടും ചോദിക്കുന്നില്ല. പ്രത്യേകിച്ച് യുവതലമുറയിലാണ് ഇത് കണ്ടുവരുന്നത്. കാരണം സംശയം ചോദിച്ചാൽ ജമാഅത്തിന്റെ അന്തരീക്ഷവും അവരുടെ അടുത്ത ബന്ധുക്കളും മാതാപിതാക്കളും ഇവരെ മോശക്കാരായി കരുതുമോ എന്നവർ ഭയക്കുന്നു. ഇതു കാരണം വല്ല പൊല്ലാപ്പിലും പെട്ടുപോകുമോ എന്നു അവർ സംശയിക്കുന്നു. ഇവർ മുറബ്ബിമാരോടും മുബല്ലിഗ്മാരോടും അറിവുള്ള ഭാരവാഹികളോടും കീഴ്ഘടകങ്ങളിലെ ഭാരവാഹികളോടും അവരുടെ സംശയങ്ങൾ ചോദിച്ച് സംശയങ്ങൾ ദുരീകരിക്കുകയായിരുന്നു വേണ്ടിയിരുന്നത്. ഖുദ്ദാമുൽ അഹ്മദിയ്യായും ലജ്നാ ഇമാഇല്ലായുമായി ബന്ധപ്പെട്ടവർ അവരുടെ ഭാരവാഹികളോട് സംശയങ്ങൾ ചോദിച്ച് ദുരീകരിക്കാൻ കഴിയുന്ന തരത്തിലുള്ള ബന്ധം സ്ഥാപിച്ചുകൊണ്ട് സംശയനിവാരണം നടത്തണമായിരുന്നു. എനിക്കും എഴുതാമായിരുന്നു. മറ്റു നാടുകളിൽ നിന്ന് ചിലർ എനിക്കെഴുതാറുണ്ട്. ഇവിടെ നിന്നും ചിലർ വളരെ മാന്യവും മര്യാദയോടും കൂടി എഴുതാറുണ്ട്. അങ്ങനെയുള്ളവരുടെ ചോദ്യങ്ങൾക്ക് മറുപടിയും നൽകാറുണ്ട്.

മറ്റൊരു കാര്യം വെളിച്ചത്ത് വന്നത് ചില ഭാരവാഹികൾക്ക് അവരുടെ ഉത്തരവാദിത്വമെന്താണെന്നും അവരുടെ പ്രവർത്തനപരിധി ഏതുവരെയാണെന്നും അറിയില്ല എന്നാണ്. അവർ അവരുടെ ഉത്തരവാദിത്വങ്ങൾ വേണ്ടുംവിധം നിർവ്വഹിക്കുന്നില്ല. ഞാൻ ഇവിടെ വിവരിക്കാൻ പോകുന്ന കാര്യങ്ങളിൽ ഒന്ന് വിശ്വാസവും അതുമായി ബന്ധപ്പെട്ട വൈജ്ഞാനിക വിഷയമാണ്. ഏതെങ്കിലും ഒരു വിശ്വാസത്തിൽ നാം നിലനിൽക്കുന്നത് എന്തിനാണെന്ന അറിവ് നമുക്കുണ്ടായിരിക്കണം. അതേ പോലെ ചില കാര്യങ്ങൾ നമ്മോട് ചെയ്യാൻ വേണ്ടി പറയുമ്പോൾ എന്തിന് വേണ്ടിയാണ് നമ്മോട് അത് ചെയ്യാൻ പറയുന്നത് എന്ന അറിവും നമുക്കുണ്ടായിരിക്കണം. ഒരു അഹ്മദി മുസ്‌ലിമിന് ഇത് എന്തു കൊണ്ടാണ് നിർബന്ധം എന്നും നാം അറിയണം. ഉദാഹരണമായി ധനത്യാഗത്തെ എടുക്കാം. ജനങ്ങൾ ഇതിന്റെ വിശദീകരണം കേൾക്കാൻ ആഗ്രഹിക്കുന്നു.

രണ്ടാമത്തെ കാര്യം ഞാൻ പറയാൻ ഉദ്ദേശിക്കുന്നത് ഭാരവാഹികളുടെ സംഘടനാ തലത്തിലുള്ള ചില ഉത്തരവാദിത്വങ്ങളെക്കുറിച്ചാണ്. അവ എങ്ങനെ നിറവേറ്റണമെന്നും അവരുടെ പ്രവർത്തന പരിധി എത്രമാത്രമുണ്ടെന്നും അവർ അറിയണം. ചുരുങ്ങിയ രീതിയിൽ ഈ രണ്ട് കാര്യങ്ങളെ ക്കുറിച്ചാണ് ഞാൻ പറയാൻ ഉദ്ദേശിക്കുന്നത്.

ആദ്യം വിശ്വാസവുമായി ബന്ധപ്പെട്ട കാര്യമാണ് പറയുന്നത്. ഒരഹ്മദിയെ സംബന്ധിച്ചെടുത്തോളം ഇത് അറിയേണ്ടത് നിർബന്ധമാണ്. ഇവ്വിധ കാര്യങ്ങൾ പൊതുവിൽ പറയാറുണ്ടെങ്കിലും വേണ്ടത്ര ശ്രദ്ധ ഇക്കാര്യങ്ങളിൽ ചെലുത്താറില്ല. നമ്മുടെ ആളുകൾക്കും ഇതിന്റെ ശിക്ഷണത്തിന്റെ ആവശ്യമുണ്ടെന്ന ചിന്തയുടെ അടിസ്ഥാനത്തിലല്ല ഇതെല്ലാം പറയാറുള്ളത്. പൊതുവിൽ നാം കരുതാറുള്ളത് ജന്മനാ അഹ്മദി ആയവർക്ക് ഹ: മസീഹ് മൗഊദ് (അ)ന്റെ ആഗമനോദ്ദേശ്യം എന്താണെന്നും അദ്ദേഹത്തെ അംഗീകരിക്കേണ്ട ആവശ്യമെന്താണെന്നും അറിയാമെന്നാണ്. പുതുതായി വരുന്നവർ ഇതേ കുറിച്ച് പഠിക്കുകയും ഗവേഷണം നടത്തിയുമാണ് വരുന്നത്. എന്നാൽ ജമാഅത്തിൽ കർമ്മനിരതരല്ലാത്ത, സമ്മേളനങ്ങളിലും മറ്റും പങ്കെടുക്കാത്ത ഒരു ചെറിയ വിഭാഗം ആളുകൾ എല്ലാ നാടുകളിലുമുണ്ടാകും. അവരെക്കുറിച്ച് നാം ചിന്തിക്കാറില്ല. എന്നാൽ അവരിലേക്ക് നമ്മുടെ ശ്രദ്ധ തിരിക്കേണ്ടത് അനിവാര്യമാണ്. ഖുദ്ദാമുൽ അഹ്മദിയ്യായും ലജ്നാ ഇമാഇല്ലായും ഇതിനുവേണ്ടി അവരുടെ പ്രോഗ്രാമുകൾ ഉണ്ടാക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. അതേ

പോലെ ജമാഅത്തിന്റെ സംവിധാനവും അങ്ങനെയുള്ള ആളുകളെ അവഗണിച്ചു കളയാതെ, ഇവർ നേരെയാകി ല്ലെന്ന് പറഞ്ഞ് തള്ളിക്കളയാതെ, അവരെ അടുപ്പിക്കാൻ ശ്രമിക്കേണ്ടതാണ്. എന്നാൽ ആരാണൊ നിങ്ങളുമായി ഞങ്ങൾക്കൊരു ബന്ധവുമില്ലെന്ന് തുറന്ന് പറയുന്നത് അവ രൊഴികെ. എന്നാൽ ജമാഅത്തിന്റെ മുഖ്യ സംവിധാനം അഥവാ മെയിൻ സ്ട്രീം അങ്ങനെയുള്ളവരെ കുറിച്ചുള്ള വിവരങ്ങൾ കീഴ്ഘടകങ്ങൾക്ക് നൽകേണ്ടതാണ്. ചില പ്പോൾ ചില ഭാരവാഹികളുടെ കാർക്കശ്യം കാരണമായും ഇങ്ങനെയുള്ള മറുപടി പറഞ്ഞു പോകാറുണ്ട്. കീഴ്ഘടക ങ്ങൾക്ക് അവരുടെ സമപ്രായക്കാർ മുഖേനയും അവരുടെ അതേ ശ്രേണിയിലുള്ളവർ മുഖേനയും ഇവരുടെ ഇസ് ലാഹിന് വേണ്ടി ശ്രമിക്കാൻ കഴിയും. ഈ ഒരു രീതി സ്വീകരിച്ച സ്ഥലങ്ങളിലെല്ലാം വിജയം ലഭിച്ചിട്ടുണ്ട്. ചില സ്ഥലങ്ങളിലുള്ള തർബിയ്യത്ത് സെക്രട്ടറിമാർ അങ്ങനെ യുള്ള ആളുകളുടെ മാനസിക നില നോക്കി ശിക്ഷണത്തിനു വേണ്ടി പ്രത്യേക ടീമുകളെ ഉണ്ടാക്കിയിട്ടുണ്ട്. ഇതിന് വളരെ നല്ല പ്രതികരണമാണുണ്ടായിട്ടുള്ളത്. ഇവരിൽ നിന്നും നല്ല പ്രതികരണമാണ് ലഭിച്ചത്. ഒരു അഹ്മദിപോലും നഷ്ടപ്പെ ടാതിരിക്കാനുള്ള ശ്രമമാണ് കഴിവിന്റെ പരമാവധി നാം ചെ യ്യേണ്ടത്. ഇത് ഓരോ ഭാരവാഹിയുടെയും ഓരോ മുറബ്ബിയു ടെയും ഉത്തരവാദിത്വമാണ്.

ഈ അടിസ്ഥാന കാര്യത്തിന് ശേഷം ഞാൻ പറഞ്ഞതു പോലെ ആദ്യമായി ഞാൻ പറയാൻ പോകുന്നത് വിശ്വാസ പരമായ കാര്യമാണ്. ഹ : മസീഹ് മൗഊദ് (അ) ന്റെ ആഗമ നോദ്ദേശ്യം എന്താണെന്ന് ഓരോ അഹ്മദിയും അറിഞ്ഞിരി ക്കേണ്ടതാണ്. അതേ പോലെ അദ്ദേഹത്തെ അംഗീകരി ക്കേണ്ടത് എന്തു കൊണ്ടാണ് നിർബന്ധം ! ഇതിനായി ഹ: മസീഹ് മൗഊദ് (അ) ന്റെ വാക്കുകളിൽ തന്നെ ഇവിടെ വിവരിക്കുകയാണ് ഉചിതമെന്ന് എനിക്ക് തോന്നുന്നു. ആ മഹാത്മാവ് പറയുന്നു: "തിരുനബി (സ) യുടെ വിനഷ്ടമാ യിരിക്കുന്ന പ്രതാപത്തെ സ്ഥാപിക്കാനും വിശുദ്ധ ഖുർ ആന്റെ സത്യതയെ ലോകത്തിന് കാണിച്ചു കൊടുക്കാനും വേണ്ടിയാണ് ഞാൻ അയക്കപ്പെട്ടിരിക്കുന്നത്. ഈ പ്രവർ ത്തികളെല്ലാം നടന്നു കൊണ്ടിരിക്കുന്നുണ്ട്. എന്നാൽ ആരുടെ കണ്ണുകളിലാണോ മറയുള്ളത് അവർക്കിത് കാണാൻ സാധിക്കില്ല. ഇപ്പോഴാണെങ്കിൽ ഈ പ്രസ്ഥാനം സൂര്യനെ പോലെ പ്രശോഭിതമായിക്കഴിഞ്ഞിരിക്കുന്നു. ഇതിനുള്ള അടയാളങ്ങൾക്കും തെളിവുകൾക്കും എത്രയോ ആളുകൾ സാക്ഷികളാണ്. ഈ സാക്ഷികളെയെല്ലാം ഒരു സ്ഥലത്ത് ഒരുമിച്ച് കൂട്ടുകയാണെങ്കിൽ ഭൂമുഖത്ത് ഒരു രാജാവിനും ഇത്ര വലിയ സൈന്യവ്യൂഹം ഉണ്ടെന്ന് പറയാൻ കഴിയില്ല."

"ഈ പ്രസ്ഥാനത്തിന്റെ സത്യതക്കുള്ള തെളിവുകൾ വളരെ കൂടുതലാണ്. അവയെല്ലാം വിവരിക്കുക തന്നെ എളുപ്പമുള്ള കാര്യമല്ല. ഇസ്ലാം വളരെയധികം നിന്ദിക്കപ്പെട്ടതു കാരണം ആ നിന്ദ്യതക്ക് പകരമായി അല്ലാഹു ഈ പ്രസ്ഥാനത്തിന്റെ ആദരവ് പ്രകടിപ്പിക്കുകയുണ്ടായി."

ഈ ആദരവ് ഹ:മസീഹ് മൗഊദ്(അ) ന്റെ കാലത്തു മാത്ര മുള്ളതല്ല. തിരുനബി (സ) യുടെ സ്ഥാനമഹാത്മ്യത്തെയും വിശുദ്ധ ഖുർആന്റെ മഹത്വത്തെയും ലോകത്ത് സ്ഥാപിക്കുന്ന തിനായി തന്റെ ലഘു ലേഖകളിലും വിജ്ഞാപനങ്ങളിലും ഗ്രന്ഥങ്ങളിലും ഉപദേശങ്ങളിലും അദ്ദേഹം വിവരിച്ച കാര്യ ങ്ങൾ ഇന്നും തിരുനബി (സ) യുടെ മഹിത സ്ഥാനവും വിശുദ്ധഖുർആന്റെ ശ്രേഷ്ഠതയും ലോകത്ത് സ്ഥാപിതമാ ക്കിക്കൊണ്ടിരിക്കുകയാണ്.

വിവിധ സന്ദർഭങ്ങളിൽ തിരുനബി (സ) യുടെ ജീവിത ത്തിന്റെ യഥാർത്ഥ വശങ്ങൾ ഞാൻ അന്യരുടെ മുമ്പാകെ വിവരിച്ചപ്പോൾ അവരെല്ലാം തന്നെ നിർബന്ധിതരായി പറഞ്ഞത് ഇതാണ് തിരുനബി (സ) യുടെ യഥാർത്ഥ ജീവി തവും അധ്യാപനവുമെങ്കിൽ ഞങ്ങൾക്ക് പിഴവു പറ്റിയിരി ക്കുന്നു എന്നാണ്. ഇങ്ങനെയുള്ള പല സംഭവങ്ങളും ഞാൻ കേൾപ്പിച്ചിരുന്നു. കനഡയിലുള്ള ഒരു ഇസ്ലാം വിരോധി യുടെ ഉദാഹരണം ഞാൻ എന്റെ പ്രസംഗത്തിൽ കുറച്ച് മുമ്പ് പറഞ്ഞിരുന്നു. ആ വ്യക്തി ഡാനിഷ് പത്രത്തിൽ വന്ന കാർ ട്ടൂൺ തന്റെ പത്രത്തിലും പ്രസിദ്ധീകരിച്ചിരുന്നു. ഈ പ്രാവ ശ്യം ഞാൻ അവിടെ സന്ദർശിച്ചപ്പോൾ എന്റെ പ്രസംഗം അദ്ദേഹം കേൾക്കുകയുണ്ടായി. ഇസ്ലാമിന്റെ മനോഹര അധ്യാപനങ്ങളെ കുറിച്ച് അറിയാൻ സാധിച്ചപ്പോൾ അദ്ദേഹം തന്റെ പത്രത്തിൽ ഇപ്രകാരം എഴുതാൻ നിർബന്ധിതനാകു കയുണ്ടായി. "അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം പറഞ്ഞ കാര്യങ്ങൾ കേട്ടപ്പോഴാണ് ശരി ഏതെന്ന് എനിക്ക് മനസ്സി ലായത്" അങ്ങനെ തന്റെ തെറ്റ് അദ്ദേഹം ഏറ്റു പറയുകയു ണ്ടായി.

ഇതേ പോലെ കഴിഞ്ഞ ഖുത്വുബയിൽ ഞാൻ ഒരു കാര്യം പറഞ്ഞിരുന്നു. അമേരിക്കയിൽ ഒരു പ്രസിദ്ധ രാഷ്ട്രീയ നേതാവ് ജുമുഅയുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള വളരെ മോശമായ ഒരു പ്രോഗ്രാം ഒരു റേഡിയോയിൽ സപ്രേ ഷണം ചെയ്യുകയുണ്ടായി. ഈ പ്രോഗ്രാം ലക്ഷക്കണക്കിന് ആളുകളാണ് കേൾക്കുന്നത്. ഇതിനെതിരിൽ വിശുദ്ധ ഖുർ ആന്റെ അടിസ്ഥാനത്തിൽ ജുമുഅയുടെ ഉദ്ദേശ്യമെന്താണെ ന്നും മറ്റും വിവരിച്ചുകൊണ്ട് നമ്മുടെ ഒരു യുവാവ് ലേഖ നമെഴുതി പ്രസിദ്ധീകരിച്ചു. വെബ്സൈറ്റിനു കൊടുത്തു. ഈ വ്യക്തി അവിടത്തെ വലിയ ഒരു രാഷ്ട്രീയ നേതാവാണ്. വളരെ പ്രസിദ്ധനാണ്. അദ്ദേഹത്തോട് പറഞ്ഞു; നിങ്ങൾ പറഞ്ഞത് തെറ്റാണ്. ഞങ്ങളുടെ കാര്യം പറയാൻ റേഡി യോയിൽ ഞങ്ങൾക്കും സമയം തരണം. അങ്ങനെ അദ്ദേ ഹം സമയം നൽകി. തീർച്ചയായും ഇത് അദ്ദേഹത്തിന്റെ മാന്യതയാണ് കാണിക്കുന്നത്. അല്ലാഹുവിന്റെ അനുഗ്രഹ ത്താൽ നമ്മുടെ ഒരു യുവാവ് റേഡിയോയിൽ ജുമുഅയെ സംബന്ധിച്ചും വിശുദ്ധ ഖുർആന്റെ പവിത്രതയെ കുറിച്ചും സംസാരിക്കുകയുണ്ടായി. അപ്പോൾ ആ വ്യക്തി പറഞ്ഞത് എനിക്ക് തെറ്റുപറ്റി എന്നാണ്. നമ്മുടെ ഈ പ്രോഗ്രാമും ലക്ഷക്കണക്കിന് ആളുകൾ കേൾക്കുകയുണ്ടായി. ഇസ്ലാ മിന്റെ യഥാർത്ഥ അദ്ധ്യാപനങ്ങൾ അഹ്മദിയ്യാ ജമാഅത്ത് മുഖേന മാത്രമേ ഞങ്ങൾക്ക് മനസ്സിലാക്കാൻ കഴിയുന്നുള്ളൂ എന്ന കാര്യവും എല്ലാവരും അംഗീകരിച്ചു തുടങ്ങിയിരി ക്കുന്നു.

ചുരുക്കത്തിൽ ഇതെല്ലാം ഹ : മസീഹ് മൗഊദ് (അ) നമുക്ക് പറഞ്ഞു തന്ന കാര്യങ്ങളുടെ അടിസ്ഥാനത്തിലാണ് നടക്കു ന്നത്. കാരണം ആ മഹാത്മാവിനെ അല്ലാഹു അയച്ചത്

തിരുനബി(സ) യുടെ മഹിതസ്ഥാനം ലോകത്ത് പ്രദർശിപ്പിക്കുന്നതിനു വേണ്ടിയും വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങളും അതിന്റെ പൊരുളും ലോകരുടെ മുമ്പിൽ തെളിച്ച് കാട്ടുന്നതിന് വേണ്ടിയുമാണ്. അതിനാൽ തിരുനബി (സ) യുടെ മഹത്വവും വിശുദ്ധ ഖുർആന്റെ ശ്രേഷ്ഠതകളും അദ്ദേഹം മുഖേന ലോകത്ത് സ്ഥാപിക്കപ്പെട്ടു കൊണ്ടിരിക്കുകയാണ്. അതിനാൽ നമുക്ക് ഏതെങ്കിലും രീതിയിലുള്ള അപകർഷതാബോധത്തിന്നടിപ്പെടാനുള്ള ഒരു പഴുതും ഇല്ല. യുവതലമുറ ഇക്കാര്യത്തിൽ ധൈര്യമായി മുന്നേറേണ്ടതാണ്. കർമ്മനിരതരായ യുവനിരയുള്ള സ്ഥലങ്ങളിൽ അവർ എതിരാളികളുടെ വായ അടപ്പിക്കുന്നുണ്ട്.

ഹ: മസീഹ് മൗഊദ് (അ) നെ അംഗീകരിക്കേണ്ടതിന്റെ ആവശ്യമെന്താണെന്ന കാര്യവും നാമോരോരുത്തരും അറിഞ്ഞിരിക്കേണ്ടതാണ്. പതിമൂന്നും പതിനാലും വയസ്സുള്ള കുട്ടികൾ പോലും ഈ ചോദ്യം ചോദിക്കുമ്പോൾ മാതാപിതാക്കൾക്ക് ഒന്നും മറുപടി പറയാൻ കഴിയാതെ വരുന്നു. ഇതു സംബന്ധമായും ഹ : മസീഹ് മൗഊദ് (അ) ന്റെ വാക്കുകൾ തന്നെ ഞാൻ കേൾപ്പിക്കാം. ഇത് വിശദമായ ഒരു സംഭാഷണമാണ്. കീഴ്ഘടകങ്ങൾക്ക് മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കാൻ ഇതിനെ മാത്രം എടുത്ത് ഉപയോഗിക്കാവുന്നതാണ്. ഇതിൽ നിന്നും കൂടുതൽ വിവരങ്ങളും നിങ്ങൾക്ക് ലഭിക്കുന്നതാണ്. ഒരവസരത്തിൽ ചില മൗലവിമാർ ഹ: മസീഹ് മൗഊദ് (അ) നോട് ചോദിക്കുകയുണ്ടായി. “ഞങ്ങൾ നമസ്ക്കരിക്കുകയും നോമ്പ് എടുക്കുകയും ഖുർആനിലും തിരുനബി (സ) യിൽ വിശ്വസിക്കുകയും ചെയ്യുന്നുണ്ട്. എന്നിരിക്കെ ഇനി താങ്കളെ വിശ്വസിക്കേണ്ട കാര്യമുണ്ടോ? അദ്ദേഹം പറയുകയുണ്ടായി “നോക്കൂ! ഒരാൾ അല്ലാഹുവിനെയും അവന്റെ റസൂലിനെയും ഗ്രന്ഥത്തെയും വിശ്വസിക്കുന്നുണ്ടെന്ന് വാദിക്കുകയും എന്നാൽ അതിലെ കൽപനകളുടെ വിശദീകരണമായ നമസ്കാരം, നോമ്പ്, ഹജ്ജ്, സക്കാത്ത്, തഖ്വ, വിശുദ്ധി എന്നിവ അനുഷ്ഠിക്കുന്നില്ലെങ്കിൽ ആത്മശുദ്ധിക്കും തിന്മയിൽ നിന്നുള്ള മോചനത്തിനും നന്മ പ്രവർത്തിക്കുന്നതിനുമുള്ള കൽപ്പനകൾ തിരസ്ക്കരിക്കുകയും ചെയ്താൽ ആ വ്യക്തി മുസ്‌ലിം എന്ന് പറയപ്പെടാൻ അർഹനാണോ? ഒരാൾ മുസ്‌ലിമാണെന്ന് വാദിക്കുകയും എന്നാൽ ഈ നന്മകളൊന്നും ചെയ്യുന്നില്ലെങ്കിൽ തിന്മകളെ കയ്യൊഴിയുന്നില്ലെങ്കിൽ നന്മ സ്വീകരിക്കുന്നില്ലെങ്കിൽ ആ വ്യക്തി മുസ്‌ലിമാണെന്ന് പറയാൻ അർഹനല്ല. ആ വ്യക്തി വിശ്വാസത്തിന്റെ ആഭരണത്താൽ വിഭൂഷിതനാണെന്ന് പറയാനും കഴിയില്ല. ഇതേ പോലെ വാഗ്ദത്ത മസീഹിനെ അംഗീകരിക്കാത്ത അതല്ലെങ്കിൽ അംഗീകരിക്കേണ്ട ആവശ്യമില്ലെന്ന് കരുതുന്ന വ്യക്തിയും ഇസ്‌ലാമിന്റെ യാഥാർഥ്യത്തെ കുറിച്ചും നുബുവ്വത്തിന്റെ ലക്ഷ്യത്തെ കുറിച്ചും റിസാലത്തിന്റെ ഉദ്ദേശ്യത്തെ കുറിച്ചും അജ്ഞർ മാത്രമാണ്. നുബുവ്വത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെ കുറിച്ച് അറിയാത്തവനാണവൻ. ആ വ്യക്തിയെ കുറിച്ച് യഥാർത്ത മുസ്‌ലിമാണെന്നും അല്ലാഹുവിന്റെയും റസൂലിന്റെയും ശരിയായ അനുസാരിയും പിൻപറ്റുന്നവരുമാണെന്ന് പറയാൻ കഴിയില്ല. അല്ലാഹു തിരുനബി (സ) മുഖേന വിശുദ്ധഖുർആനിൽ കൽപനകൾ നൽകിയതു പോലെ തന്നെയാണ് അവസാന കാലത്ത് ഒരു അവസാന ഖലീഫയുടെ ആഗമനത്തെക്കുറിച്ചുള്ള പ്രവചനവും വളരെ ശക്തമായ ഭാഷയിൽ നൽകുകയുണ്ടായത്. അദ്ദേഹത്തെ വിശ്വസിക്കാത്തവരെയും അദ്ദേഹത്തിൽ നിന്ന് മുഖം തിരിച്ച് കളയുന്നവരെയും ഫാസിഖ് എന്നാണ് നാമകരണം ചെയ്തത്. വിശുദ്ധഖുർആന്റെയും ഹദീസിന്റെയും വാക്കുകളിൽ അന്തരം കാണാമെങ്കിലും അത് അന്തരമല്ല. മറിച്ച് വിശുദ്ധ ഖുർആന്റെ വാക്കുകളുടെ വിശദീകരണമാണ് ഹദീസുകളിലുള്ളത്. വിശുദ്ധ ഖുർആൻ ഖലീഫ എന്ന വാക്കാണ് ഉപയോഗിച്ചത്. എന്നാൽ ഹദീസുകളിൽ ഈ അവസാന ഖലീഫയെ മസീഹ് എന്ന പേരിലാണ് വിശദീകരിച്ചത്. അതിനാൽ ഏതൊരു വ്യക്തിയുടെ ആഗമനത്തെ കുറിച്ചാണോ വിശുദ്ധ ഖുർആൻ വാഗ്ദാനം ചെയ്തിരിക്കുന്നത്, ഏതൊരു വ്യക്തിയുടെ ആഗമനത്തിനാണോ ഒരു പ്രത്യേക മഹത്വം നൽകിയിരിക്കുന്നത്, അങ്ങനെയുള്ള വ്യക്തിയെ അംഗീകരിക്കേണ്ട ആവശ്യം തന്നെ ഞങ്ങൾക്കില്ലെന്ന് പറയുന്ന മുസ്‌ലിംകൾ ഏത് തരം മുസ്‌ലിംകളാണ്?”

പറയുന്നു: “ഖലീഫമാരുടെ വരവിനെ അല്ലാഹു ഖിയാമത്ത് നാൾ വരെ ദീർഘിപ്പിച്ചിട്ടുണ്ട്. ഇസ്‌ലാമിനെ സഹായിക്കാനും പരിഷ്ക്കരിക്കാനുമായി ഓരോ നൂറ്റാണ്ടിന്റെ തലക്കും മുജദ്ദിദുമാർ വന്നുകൊണ്ടിരുന്നു എന്നത് ഇസ്‌ലാമിന്റെ മഹത്വവും അതിന്റെ ശ്രേഷ്ഠതയുമാണ്. ഇനിയും വന്നു കൊണ്ടിരിക്കുകയും ചെയ്യും.” (ഇവിടെ മുജദ്ദിദ് വന്നുകൊണ്ടിരിക്കും എന്ന് കേൾക്കുമ്പോൾ അതാരായിരിക്കുമെന്ന് ചിലർ തെറ്റിദ്ധരിക്കാറുണ്ട്. ഖലീഫമാർ തന്നെയായിരിക്കും മുജദ്ദിദുമാർ. ഇതു സംബന്ധമായും വിശതമായ ഒരു ഖുതുബ മുമ്പ് ഞാൻ നൽകിയിട്ടുള്ളതാണ്. ഇതു സംബന്ധമായി ഹ:മസീഹ് മൗഊദ്(അ) വളരെ വിശദമായി പറഞ്ഞിട്ടുണ്ട്. ജമാഅത്തിന്റെ സാഹിത്യങ്ങളിലും അത് കാണാവുന്നതാണ്)

മസീഹ് മൗഊദ് (അ) പറയുന്നു.“നോക്കു! അല്ലാഹു തിരുനബി(സ) യെ ഹ : മൂസാ (അ) നോടാണ് ഉപമിച്ചത്. **‘കമാ’** പോലെ എന്ന വാക്കിൽ നിന്നും ഇത് വ്യക്തമാകുന്നതാണ്. മൂസവി ശരീഅത്തിന്റെ അവസാന ഖലീഫ ഹ: ഈസ ആയിരുന്നു. ഞാൻ അവസാനത്തെ കല്ലാണ് എന്ന് അദ്ദേഹം തന്നെ പറയുകയുണ്ടായി. ഇതേ പോലെ മുഹമ്മദീ ശരീഅത്തിലും ഇതിനെ നവമായി നിർത്തുന്നതിനും പരിഷ്ക്കരിക്കുന്നതിനുമായി ഖലീഫമാർ വന്നു. ഖിയാമത്ത് നാൾ വരെ വരുന്നതാണ്. അതേപോലെ അവസാന കാലത്തെ ഖലീഫക്ക് പരസ്പരമുള്ള സാദൃശ്യം കാരണമായും ഇരുവരുടെയും ജോലിയിലും സാദൃശ്യമുള്ളത് കാരണം അദ്ദേഹത്തിന്റെ നാമം വാഗ്ദത്ത മസീഹ് എന്ന് വെക്കുകയുണ്ടായി. മാത്രമല്ല വാഗ്ദത്ത മസീഹിനെക്കുറിച്ച് ചെറിയ രീതിയിലുള്ള ഒരു പരാമർശമല്ല നടത്തിയിട്ടുള്ളത്. അദ്ദേഹം വരുമ്പോഴുള്ള അടയാളങ്ങളെക്കുറിച്ച് ദൈവിക ഗ്രന്ഥങ്ങളിലെല്ലാം വിശദമായി പറയുക പോലും ചെയ്തിരിക്കുന്നു. തൗറാത്തിലും ഇഞ്ചീലിലും ഹദീസുകളിലും വിശുദ്ധ ഖുർആനിൽ തന്നെയും അദ്ദേഹത്തിന്റെ വരവിനുള്ള അടയാളങ്ങൾ പറഞ്ഞിട്ടുണ്ട്. യഹൂദികളും കൃസ്ത്യാനികളും മുസ്‌ലിംകളും എല്ലാം തന്നെ ഒരുമിച്ച് അദ്ദേഹം വരും എന്ന് പ്രതീക്ഷിച്ചിരിക്കുകയാണ്. ഇങ്ങനെയുള്ള വ്യക്തിയെ നിഷേധിക്കുക എന്നത് എങ്ങിനെയാണ് ഇസ്‌ലാം ആയിത്തീരുന്നത്? ആ

വ്യക്തിയുടെ സഹായത്തിനായി ആകാശത്ത് അല്ലാഹു അടയാളങ്ങൾ പ്രകടമാക്കുകയുണ്ടായി. ഭൂമിയിലും മുഅ്ജിസത്തുകൾ കാണിച്ചു. അദ്ദേഹത്തിന്റെ സഹായത്തിനായി പ്ലേഗ് വന്നു. സൂര്യ ചന്ദ്ര ഗ്രഹണങ്ങൾ പ്രവചനത്തിൽ പറയപ്പെട്ട പ്രകാരം അതെ തിയ്യതിയിൽ കൃത്യ സമയത്ത് തന്നെ വെളിപ്പെടുകയും ചെയ്തു. ഏതൊരു വ്യക്തിയുടെ സത്യസാക്ഷ്യത്തിനായി ആകാശം അടയാളങ്ങൾ പ്രകടമാക്കുകയും, ഭൂമി ഇതു തന്നെയാണ് സമയം എന്ന് വിളിച്ചു പറയുകയും ചെയ്തുവോ ആ വ്യക്തി സാധാരണക്കാരനാകുമോ? അദ്ദേഹത്തെ വിശ്വസിക്കുന്നതും വിശ്വസിക്കാതിരിക്കുന്നതും തുല്യമാകുമോ? അദ്ദേഹത്തെ അംഗീകരിക്കാത്ത മുസ്‌ലിം അല്ലാഹുവിന്റെ പ്രിയപ്പെട്ടവരായിത്തീരുമോ? ഇല്ല. ഒരിക്കലുമില്ല."
ഓർക്കുക! വാഗ്ദത്ത പുരുഷൻ വരേണ്ട എല്ലാ അടയാളങ്ങളും പ്രകടമായിക്കഴിഞ്ഞിരിക്കുന്നു. വിവിധങ്ങളായ കുഴപ്പങ്ങൾ ഭൂമിയെ മലീമസമാക്കിയിരിക്കുന്നു. മുസ്‌ലിം പൺഡിതരും വിവിധ ഔലിയാക്കളും വാഗ്ദത്ത പുരുഷന്റെ വരവിന്റെ കാലം 14 ാം നൂറ്റാണ്ടിലായിരിക്കുമെന്ന് എഴുതിവെക്കുകയും ചെയ്തിരിക്കുന്നു. ഔലിയാക്കളും ബഹുഭൂരിപക്ഷം പണ്ഡിതന്മാരും വിവരിച്ച ഇത്രമാത്രം ഐക്യകണ്ഠമായ സാക്ഷ്യങ്ങൾ നിലനിൽക്കേ ആർക്കെങ്കിലും സംശയമുണ്ടെങ്കിൽ അവർ വിശുദ്ധ ഖുർആനിൽ ഗഹനമായി ചിന്തിക്കേണ്ടതാണ്. 'നൂർ' എന്ന അധ്യായം ശ്രദ്ധാപൂർവ്വം വായിക്കട്ടെ. ഹ : മൂസക്ക് ശേഷം 14 ാം നൂറ്റാണ്ടിൽ ഹ : ഈസാ വന്നതു പോലെ ഇവിടെയും തിരുനബി (സ) ക്ക് ശേഷം 14ാം നൂറ്റാണ്ടിൽ തന്നെ വാഗ്ദത്ത മസീഹ് വന്നിരിക്കുന്നു. ഹ: ഈസാ (അ) മൂസവി പ്രസ്ഥാനത്തിന്റെ അവസാന ഖലീഫ ആയിരുന്നതു പോലെ ഇവിടെയും വാഗ്ദത്ത മസീഹ് ഖാത്തമുൽ ഖുലഫാ ആയിരിക്കും." ആ മഹാത്മാവ് പറയുകയുണ്ടായി; അടുത്ത ആയിരം വർഷത്തേക്കുള്ള ഖലീഫ ഞാനാണ്. ഇനി വരുന്നവരെല്ലാം അദ്ദേഹത്തെ പിൻപറ്റിക്കൊണ്ടാണ് വരിക.

വിശുദ്ധ ഖുർആന്റെയും ഹദീസിന്റെയും വ്യക്തമായ പ്രവചനങ്ങളുടെ അടിസ്ഥാനത്തിൽ വാഗ്ദത്ത മസീഹ് പതിനാലാം നൂറ്റാണ്ടിലാണ് വരേണ്ടിയിരുന്നത്. ആ വ്യക്തി മിർസാ ഗുലാം അഹ്‌മദ് ഖാദിയാനി (അ) തന്നെയാണ്. ഓരോ അഹ്‌മദിയും അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ വായിക്കേണ്ടതാണ്. ഉറുദു അറിയാത്തവർ അവർക്കറിയാവുന്ന ഏതെല്ലാം ഭാഷകളിലാണോ വാഗ്ദത്ത മസീഹിന്റെ ആഗമനോദ്ദേശ്യത്തെ കുറിച്ചും അദ്ദേഹത്തെ അംഗീകരിക്കേണ്ടത് എന്തിന് എന്നിവയെ കുറിച്ചും ഗ്രന്ഥം ഉള്ളത് അത് വായിച്ചിരിക്കേണ്ടതാണ്. തങ്ങളുടെ വിശ്വാസത്തെ ദൃഢപ്പെടുത്താൻ ഓരോരുത്തരും ശ്രമിക്കണം. ആക്ഷേപിക്കുന്നവർക്ക് സ്വയം മറുപടി നൽകുക. സ്വന്തം തയ്യാറെടുപ്പ് നടത്തിയാൽ അറിവും വർദ്ധിക്കും. ആക്ഷേപങ്ങൾക്ക് മറുപടിയും ലഭിക്കും.

ഈ പ്രവർത്തി ഓരോരുത്തരും സ്വയം ചെയ്യുന്നതോടൊപ്പം ജമാഅത്ത് സംവിധാനവും കീഴ്ഘടകങ്ങളും അവരുടെതായ പ്രോഗ്രാമുകൾ ഉണ്ടാക്കേണ്ടതാണ്. വാഗ്ദത്ത മസീഹിന്റെ ആഗമനോദ്ദേശ്യമെന്തെന്നും അദ്ദേഹത്തെ അംഗീകരിക്കേണ്ടത് എന്ത് കൊണ്ട് നിർബന്ധം എന്നും ഓരോരുത്തരിലും എത്തിയിരിക്കണം.

ഇനി തർബിയ്യത്തുമായി ബന്ധപ്പെട്ട കാര്യമാണ് പറയുന്നത്. ജമാഅത്തംഗങ്ങളെ ഖിലാഫത്തുമായി ബന്ധപ്പെടുത്തുക എന്നതാണത്. ഖിലാഫത്തുമായി ബന്ധപ്പെടുന്നതിന് അല്ലാഹു തആലാ ഇക്കാലത്ത് നമുക്ക് എം.ടി.എ. എന്ന സംവിധാനവും അൽഇസ്‌ലാം വെബ്സൈറ്റും നല്കിയിരിക്കുന്നു. ഇവയുമായി ഓരോ അഹ്‌മദി പുരുഷനെയും സ്ത്രീയെയും യുവതിയെയും യുവാവിനെയും ബന്ധപ്പെടുത്തേണ്ട അവശ്യമാണുള്ളത്. ജമാഅത്ത് സംവിധാനവും കീഴ്ഘടകങ്ങളും ഇതിനായി പ്രയത്നിക്കേണ്ടതാണ്. കൂറുള്ള ആത്മാർത്ഥരായ ഒരു വലിയ വിഭാഗം ആളുകൾ വളരെ പ്രയാസപ്പെട്ട് ഇവിടെ വന്ന് ഖുത്‌ബ കേൾക്കുന്നുണ്ട്. ലോകത്തെല്ലായിടത്തും എം.ടി.എ മുഖേന നല്ലൊരു വിഭാഗം ആളുകൾ കൃത്യമായി ഖുത്‌ബ കേൾക്കുന്നുണ്ട്. രണ്ടും മൂന്നും പ്രാവശ്യം കേൾക്കുന്നവരും ഉണ്ടെന്ന് ചിലർ എനിക്കെഴുതാറുണ്ട്. എന്നാൽ ഖുത്‌ബകൾ കേൾക്കാത്തവരും ഉണ്ട്. ഇവിടെ യു.കെ.യിൽ തന്നെ ഖുത്‌ബ കേൾക്കാത്തവരും മറ്റു പ്രോഗ്രാമുകൾ കാണാത്തവരുമായ ആളുകൾ ഉണ്ട്. അവർ ഇവിടെ നടക്കുന്ന ചില പ്രോഗ്രാമുകളിൽ തന്നെ പങ്കെടുക്കാറില്ല. ഒരു ജമാഅത്തിൽ കുറേ പേർ ജമാഅത്തിന്റെ അധ്യാപനങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുകയുണ്ടായി. അതു കാരണം അവർക്കെതിരിൽ നിർബന്ധമായി ചില നടപടികൾ എടുക്കുകയുണ്ടായി. അവരെക്കുറിച്ച് കൂടുതലായി അന്വേഷണം നടത്തിയപ്പോൾ മനസ്സിലായത് അവരിൽ ഭൂരിഭാഗവും ഖുത്‌ബ കേൾക്കാത്തവരും ജമാഅത്തിൽ സജീവമല്ലാത്തവരുമാണെന്നാണ്. ജമാഅത്തിന്റെ പ്രോഗ്രാമുകളിലൊന്നും അവർ പങ്കെടുക്കാറില്ല. എന്നാൽ ജമാഅത്തുമായുള്ള അവരുടെ ബന്ധം രക്തത്തിൽ അലിഞ്ഞു ചേർന്നതായിരുന്നു. അതു കൊണ്ട് അവർക്ക് ചെറിയ രീതിയിൽ ശിക്ഷ നൽകിയപ്പോൾ അവർ അസ്വസ്ഥരാകുകയുണ്ടായി. വളരെ വേദനയോടു കൂടി മാപ്പിനുള്ള അപേക്ഷ എനിക്കെഴുതാൻ തുടങ്ങി. ചിലർ എന്നെ വന്ന് കണ്ടു. അപ്പോൾ അവർ കരയുന്നുണ്ടായിരുന്നു. അവർ വെറും ഭൗതിക ചിന്താഗതിക്കാരായിരുന്നെങ്കിൽ ഈ ഒരവസ്ഥ ഉണ്ടാകുമായിരുന്നില്ല.

ചുരുക്കത്തിൽ ഭൗതിക ചുറ്റുപാടുകാരണം അശ്രദ്ധരായി കഴിയുന്നവരും ഉണ്ട്. അവർക്ക് കാര്യങ്ങൾ പറഞ്ഞു കൊടുക്കുമ്പോൾ ലജ്ജിതരായിത്തീരുന്നു. തൗബയും ഇസ്തിഗ്ഫാറും ചെയ്യുന്നു. ഭാവിയിൽ ജമാഅത്തുമായുള്ള ബന്ധം സുദൃഢമാക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. ഇങ്ങനെയുള്ളവരെ ഓർമ്മപ്പെടുത്തിക്കൊണ്ടിരിക്കുക എന്നത് ജമാഅത്തിന്റെ മുഖ്യ സംവിധാനത്തിന്റെ അഥവാ സെക്രട്ടറിമാരുടെയും മുറബ്ബി, മുബല്ലിഗ്മാരുടെയും കീഴ്ഘടകങ്ങളുടെയും പ്രവർത്തിയാണ്. ഖിലാഫത്തുമായി ഓരോ വ്യക്തിയെയും നേരിട്ട് ബന്ധപ്പെടുത്താനായി പരിശ്രമിക്കുക. ഹൃദയങ്ങളിൽ ഖിലാഫത്തിനോടുള്ള സ്നേഹവും കൂറും ഉണ്ടാക്കാൻ ശ്രമിക്കുക. മുമ്പേ സ്നേഹമുള്ളവരെ ഒന്നുകൂടി പറഞ്ഞ് മനസ്സിലാക്കിക്കൊടുത്താൽ മുമ്പത്തേക്കാളുപരി ആവേശത്തോടെ ആ സ്നേഹം പ്രകടിപ്പിക്കുന്നതായിരിക്കും. വല്ല പൊടിയും പിടിപെട്ടിട്ടുണ്ടെങ്കിൽ അതെല്ലാം നീങ്ങിക്കിട്ടുന്നതാണ്. ഈ കൂറിന്റെ പ്രകടനം കാണുന്നത് അവർക്ക് വല്ല ശിക്ഷയും നൽകുമ്പോഴാണ്. തർബിയ്യത്ത് വിഭാഗം ഖിലാഫത്തുമായി

ബന്ധപ്പെടണമെന്ന് തുടർച്ചയായി ഉപദേശിച്ചു കൊണ്ടിരുന്നാൽ, ഖുത്ബകളും ജൽസകളും മറ്റു പ്രോഗ്രാമുകളും കാണുന്നതിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ടിരുന്നാൽ ഖിലാഫത്തിനോട് ബന്ധം ശക്തിപ്പെടുന്നതോടൊപ്പം തർബിയ്യത്തിന്റെ പല പ്രശ്നങ്ങളും പരിഹരിക്കപ്പെടുന്നതായിരിക്കും إِنْ شَآءَ اللهُ

അടുത്തതായി, ജമാഅത്തംഗങ്ങൾക്ക് ചന്ദയുടെ പ്രാധാന്യം എന്താണെന്ന് വിശദമാക്കിക്കൊടുക്കുക എന്ന കാര്യമാണ് പറയാൻ ഉദ്ദേശിക്കുന്നത്. ഒരു കാര്യം നാം ഓർക്കണം. മാൽ സെക്രട്ടറി ഈ കാര്യം ശ്രദ്ധിക്കേണ്ടതാണ്. ചന്ദ എന്നത് ഒരു ടാക്സല്ല എന്ന് ജമാഅത്തംഗങ്ങളെ ബോധ്യപ്പെടുത്തുക. അല്ലാഹു വിശുദ്ധഖുർആനിൽ വിവിധ സ്ഥലങ്ങളിൽ പറഞ്ഞിട്ടുള്ള കടമകളിൽ ഉൾപ്പെട്ടതാണിത്.

ഒരുസ്ഥലത്ത് അല്ലാഹു പറയുന്നു:

فَاتَّقُوا اللّٰهَ مَا اسْتَطَعْتُمْ وَاسْمَعُوْا وَاَطِيْعُوْا وَاَنْفِقُوْا خَيْرًا لِّاَنْفُسِكُمْ ؕ
وَمَنْ يُّوْقَ شُحَّ نَفْسِهٖ فَاُولٰٓئِكَ هُمُ الْمُفْلِحُوْنَ ﴿١٧﴾ اِنْ تُقْرِضُوا اللّٰهَ قَرْضًا
حَسَنًا يُّضٰعِفْهُ لَكُمْ وَيَغْفِرْ لَكُمْ ؕ وَاللّٰهُ شَكُوْرٌ حَلِيْمٌ ﴿١٨﴾

“അതുകൊണ്ട് നിങ്ങൾ കഴിവതും അല്ലാഹുവിനെ സൂക്ഷിക്കുക. ശ്രദ്ധിച്ചു കേൾക്കുകയും അനുസരിക്കുകയും ചെലവഴിക്കുകയും ചെയ്യുക. അത് നിങ്ങൾക്കു തന്നെ ഗുണകരമായിരിക്കും. തങ്ങളുടെ മനസ്സിനെ പിശുക്കിൽ നിന്ന് രക്ഷപ്പെടുത്തുന്നവരാരോ അവർ തന്നെയാണ് വിജയികൾ. നിങ്ങൾ അല്ലാഹുവിന് നല്ല നിലയിൽ കടം കൊടുക്കുന്നതായാൽ അവൻ നിങ്ങൾക്ക് വർദ്ധിപ്പിച്ചു തരുന്നതാണ്. അവൻ നിങ്ങൾക്ക് പൊറുത്തുതരികയും ചെയ്യും. അല്ലാഹു വളരെയധികം വിലയിരുത്തുന്നവനും കരുണാമയനുമാകുന്നു.(64: 17,18)

അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുക എന്നത് ഒരു വിശ്വാസിക്ക് നിർബന്ധമാണെന്ന് ഈ വചനത്തിൽ നിന്നും മനസ്സിലാകുന്നതാണ്. അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്നവരാണ് വിജയികൾ. അല്ലാഹുവിന്റെ മാർഗത്തിലുള്ള നിങ്ങളുടെ ചെലവഴിക്കൽ യാഥാർത്ഥത്തിൽ അല്ലാഹുവിന് കടം നൽകിയതു പോലെയാണ്. അല്ലാഹു തന്റെ ദാസന്റെ ത്യാഗത്തിനുള്ള പ്രതിഫലം പലമടങ്ങ് വർദ്ധിപ്പിച്ച് മടക്കി നൽകുന്നവനാണ്. ഇതു സംബന്ധമായി പലരും പല സംഭവങ്ങളും എനിക്കെഴുതാറുണ്ട്. ഞങ്ങൾ ഇത്ര ചന്ദ നൽകി എന്നും അല്ലാഹു അതിന് പകരമായി ഇത്ര മടങ്ങ് ഞങ്ങൾക്ക് വർദ്ധിപ്പിച്ചു നൽകി എന്നും അവർ അതിൽ എഴുതുന്നു. ഇതു സംബന്ധമായുള്ള പല സംഭവങ്ങളും മുമ്പ് ഞാൻ വിവരിക്കുകയും ചെയ്തിട്ടുള്ളതാണ്. അല്ലാഹു നിരാശ്രയനാണ്. എല്ലാ സമ്പത്തിന്റെയും ഉടമസ്ഥനാണ്. അവന് നമ്മുടെ ധനത്തിന്റെ ആവശ്യമില്ല. നമ്മേ ശുദ്ധീകരിക്കാനും നമ്മുടെ അനുസരണ നിലവാരം അറിയുന്നതിനും തഖ്‌വയുടെ മാർഗം അന്വേഷിക്കുന്നവരായി നമ്മേ കാണുന്നതിനും സാമ്പത്തിക ത്യാഗത്തിനുള്ള നമ്മുടെ വാദം എത്ര മാത്രം ശരിയാണെന്ന് പരിശോധിക്കുന്നതിനും വേണ്ടിയാണ് അല്ലാഹു അവന്റെ മാർഗത്തിൽ ചെലവഴിക്കാൻ നമ്മോട് പറഞ്ഞിരിക്കുന്നത്. അവന്റെ ദീൻ പ്രചരിപ്പിക്കാനും അത് വ്യാപിപ്പിക്കാനുമായി നിങ്ങൾ ചെലവഴിക്കുക എന്നവൻ പറയുന്നു. അതു കൊണ്ട് ഓരോ അഹ്മദിയും ചന്ദ എന്തിനാണ് നൽകുന്നതെന്ന ആത്മാവിനെയാണ് മനസ്സിലാക്കേണ്ടത്. സദ്ർ ജമാഅത്തിന് വേണ്ടിയോ സെക്രട്ടറി മാലിന് വേണ്ടിയോ അതല്ലെങ്കിൽ അവരിൽ നിന്ന് മോചനം കിട്ടുന്നതിനു വേണ്ടിയോ ആണ് ചന്ദ നൽകുന്നതെങ്കിൽ അങ്ങനെയുള്ള ചന്ദക്ക് ഒരു പ്രയോജനവും ഇല്ല. അങ്ങനെയുള്ളവർ നൽകാതിരിക്കുകയാണ് നല്ലത്. മത്സരിച്ച് മറ്റുള്ളവരേക്കാളും കൂടുതൽ നൽകണം എന്ന ഉദ്ദേശ്യത്തിനാണ് ചന്ദ നൽകുന്നതെങ്കിൽ അതുകൊണ്ടും ഒരു പ്രയോജനമില്ല.

ചുരുക്കത്തിൽ അല്ലാഹുവിന്റെ പ്രീതിയല്ലാതെ മറ്റേതെങ്കിലും ലക്ഷ്യം ചന്ദ നൽകുന്നതിലുണ്ടെങ്കിൽ അവയെല്ലാം അല്ലാഹുവിന്റെ സവിധത്തിൽ റദ്ദ് ചെയ്യപ്പെടാവുന്നതാണ്. അതിനാൽ ചന്ദ നൽകുന്നവർ ചിന്തിക്കേണ്ടത് ചന്ദ നൽകാൻ അവസരം നൽകി എന്നത് അല്ലാഹു നമ്മോട് ചെയ്തിരിക്കുന്ന വലിയ ഔദാര്യമാണെന്നാണ്.

ചന്ദ നൽകുന്നതു കൊണ്ട് അല്ലാഹുവിനോ അവന്റെ ജമാഅത്തിനോ നൽകുന്ന ഒരു ഔദാര്യമായി ചന്ദ നൽകുന്നവർ ഇതിനെ കാണരുത്. അതിനാൽ ചന്ദ നൽകുന്നത് അല്ലാഹുവിന്റെ അനുഗ്രഹത്തെ കരസ്ഥമാക്കാനാണ് എന്ന ചിന്തയുള്ളവരായിത്തീരേണ്ടതാണ്. ദൈവികപ്രസ്ഥാനങ്ങൾക്ക് സാമ്പത്തിക ത്യാഗം വളരെ സുപ്രധാനമായ ഒന്നാണ്. അതുകൊണ്ടാണ് നവാഗതരെയും കുട്ടികളെയും വഖ്ഫ് ജദീദിലും തഹ്‌രീക് ജദീദിലും കൂടുതലായി ഉൾപ്പെടുത്താൻ ജമാഅത്തുകളോട് ഞാൻ പറഞ്ഞിട്ടുള്ളത്. അവർ ഒരു പൈസ നൽകിയാണ് ഇതിൽ അംഗമാകുന്നതെങ്കിലും ശരി, അവർക്ക് ഇതിന്റെ ശീലം ഉണ്ടായിത്തീരുകയും അല്ലാഹുവിന്റെ ഫള്‌ലിനെ കരസ്ഥമാക്കുന്നവരുമായി മാറുന്നതിന് വേണ്ടിയാണിത്.

ചന്ദയുടെ പ്രാധാന്യത്തെ കുറിച്ച് ഹ : മസീഹ് മൗഊദ് (അ) ഒരു സ്ഥലത്ത് പറയുന്നു: “ലോകത്ത് മനുഷ്യൻ ധനത്തെ വല്ലാതെ സ്നേഹിക്കുന്നു. അതുകൊണ്ടാണ് സ്വപ്നവ്യാഖ്യാന ശാസ്ത്രത്തിൽ ഒരാൾ തന്റെ കരൾ പറിച്ച് മറ്റൊരാൾക്ക് നൽകിയതായി കണ്ടാൽ അതിന്റെ വ്യാഖ്യാനം ധനമാണെന്ന് എഴുതിയിരിക്കുന്നത്. അതു കൊണ്ടാണ് യഥാർത്ഥ തഖ്‌വയും വിശ്വാസവും കരഗതമാകുന്നതിനായി **ലൻ തനാലുൽ ബിർറ ഹത്താ തുൻഫികൂ മിമ്മാ തുഹിബ്ബൂന** എന്ന പറഞ്ഞത്. നിങ്ങൾക്ക് ഏറ്റവും പ്രിയപ്പെട്ടത് ചെലവഴിക്കാത്തതു വരെ യഥാർത്ഥ നന്മ നിങ്ങൾക്ക് കരസ്ഥമാക്കാൻ സാധ്യമല്ല. ദൈവ സൃഷ്ടികളോടുള്ള സഹാനുഭൂതി പ്രകടനത്തിന്റെ ഒരു ഭാഗം ധനം ചെലവ് ചെയ്യലിലൂടെയുമാണ്. സമസൃഷ്ടികളോടുള്ള സഹാനുഭൂതിയും ദൈവ സൃഷ്ടികളോടുമുള്ള സഹാനുഭൂതിയും രണ്ടും ഒന്ന് തന്നെയാണ്. ഇത് വിശ്വാസത്തിന്റെ ഒരു ഭാഗമാണ്. ഇതില്ലാതെ ഈമാൻ പൂർണ്ണമാകുകയില്ല. രൂഢമൂലമാകുകയില്ല. ത്യാഗം ചെയ്യാത്തിടത്തോളം മറ്റുള്ളവർക്ക് എങ്ങനെ ഗുണമെത്തിക്കാൻ സാധിക്കും. മറ്റുള്ളവർക്ക് ഗുണം ചെയ്യാനും അവരോട് സഹാനുഭൂതി പ്രകടിപ്പിക്കാനും ത്യാഗം സുപ്രധാനമാണ്. **ലൻ തനാലുൽ ബിർറ ഹത്താ തുൻഫികൂ മിമ്മാ തുഹിബ്ബൂന** എന്ന ആയത്തിൽ ഈ ഒരു ത്യാഗത്തെ കുറിച്ചാണ് പറയുന്നത്. അതിനെ കുറിച്ചാണ് നിർദ്ദേശിക്കുന്നത്. ചുരുക്കത്തിൽ

അല്ലാഹുവിന്റെ മാർഗത്തിൽ ധനം ചെലവഴിക്കുക എന്നതും മനുഷ്യന്റെ തഖ്‌വയുടെ ഒരളവുകോലും അവന്റെ സൗഭാഗ്യവുമാണ്. ഹ : അബൂബക്കർ (റ) വിന്റെ ജീവിതത്തിൽ അല്ലാഹുവിന് വേണ്ടി സമർപ്പണം ചെയ്യുന്നതിനുള്ള നിലവാരം എത്രമാത്രമായിരുന്നു. തിരുനബി (സ) ഒരാവശ്യം പറയുന്നു. അപ്പോൾ അദ്ദേഹം വീട്ടിലുള്ള സർവ്വതും കൊണ്ടുവരികയുണ്ടായി"

മാൽ സെക്രട്ടറി ഈ രീതിയിൽ ജമാഅത്തംഗങ്ങളെ തർബിയ്യത്ത് ചെയ്യേണ്ടിയിരിക്കുന്നു. തഖ്‌വയും വിശ്വാസവും ദൃഢപ്പെടുന്നത് സാമ്പത്തിക ത്യാഗം ചെയ്യുമ്പോഴാണ്. ഇതേ പോലെ മുറബ്ബിമാർ അവസരം ലഭിക്കുമ്പോൾ ഈ കാര്യങ്ങൾ ഉപദേശിക്കേണ്ടതാണ്. ഇതിന് സ്ഥിരമായ ശ്രദ്ധ വേണം. എല്ലാ തലത്തിലും മാൽ സെക്രട്ടറിമാർ സജീവമായി പ്രവർത്തിക്കേണ്ടിയിരിക്കുന്നു. മാൽ സെക്രട്ടറിമാർ തങ്ങളുടെ കടമകൾ നിറവേറ്റുകയും ഓരോ വ്യക്തിയുമായും അവർക്ക് ബന്ധം ഉണ്ടാക്കുകയും വേണം. മാൽ സെക്രട്ടറിക്ക് കീഴ്ഘടകങ്ങളെ ഏൽപിച്ച് തന്റെ ഉത്തരവാദിത്വത്തിൽ നിന്ന് രക്ഷപ്പെടാൻ കഴിയില്ല. കീഴ്ഘടകങ്ങൾ തങ്ങളുടെ മെമ്പർമാരെ ഉപദേശിക്കുക മാത്രമേ ചെയ്യുകയുള്ളൂ. ഇതിൽ കൂടുതൽ മാൽ സെക്രട്ടറിമാരെ അവർക്ക് സഹായിക്കാൻ കഴിയില്ല. മാൽ സെക്രട്ടറിയുമായി സഹകരിക്കണമെന്നും ധനത്യാഗത്തിന്റെ ആത്മാവ് നിങ്ങൾ മനസ്സിലാക്കണമെന്നും ഉപദേശിക്കാനേ കീഴ്ഘടകങ്ങൾക്ക് കഴിയുകയുള്ളൂ. ഏതായിരുന്നാലും ധനത്തിന്റെ ആത്മാവിനെ മനസ്സിലാക്കിക്കൊടുക്കുക എന്നത് കീഴ്ഘടകങ്ങളുടെ പ്രവർത്തിയാണ്. എന്നാൽ ഞാൻ കീഴ്ഘടകങ്ങളെ ഏൽപ്പിച്ചതായിരുന്നു; അവർ എന്നെ സഹായിച്ചിട്ടില്ലെന്ന് പറഞ്ഞ് മാൽസെക്രട്ടറിമാർക്ക് രക്ഷപെടാൻ സാധ്യമല്ല. ഈ ഉത്തരവാദിത്വം അവരുടേതാണ്. അവർ തന്നെയാണ് ഇത് ചെയ്യേണ്ടത്. മാൽ സെക്രട്ടറിമാർ പ്രാദേശികമായി ഓരോ വീട്ടിലും എത്താൻ ശ്രമിക്കേണ്ടതാണ്. ഇക്കാലത്ത് എല്ലാ സൗകര്യങ്ങളുമുണ്ട്. ഫോണുണ്ട്, യാത്രാ സൗകര്യങ്ങളുണ്ട്. ഇവിടെ യൂറോപ്പിൽ സൗകര്യം വലരെ കൂടുതലാണ്. പാക്കിസ്ഥാനിൽ ചില മാൽ സെക്രട്ടറിമാർ വൈകുന്നേരം വരെ ജോലിക്ക് പോകും. അതിന് ശേഷം രാത്രിവരെ വീടുകളിൽ കയറിയിറങ്ങി അവരെ ഉപദേശിച്ചുകൊണ്ടിരിക്കും. കറാച്ചി, ലാഹോർ പോലുള്ള വലിയ പട്ടണങ്ങളിൽ സൈക്കിളിലായിരിക്കും യാത്ര. ഇവിടെ നിങ്ങൾക്ക് എല്ലാതരത്തിലുമുള്ള സൗകര്യങ്ങളുണ്ട്. എന്നിട്ടും പ്രവർത്തിക്കുന്നില്ല. ചില മാൽ സെക്രട്ടറിമാരെക്കുറിച്ച് എനിക്ക് ലഭിച്ചിരിക്കുന്ന പരാതി അവരുടെ തന്നെ ചന്ദ തോതനുസരിച്ചല്ല എന്നാണ്. അവരുടെ ചന്ദ ഉയർന്ന നിലവാരത്തിലുള്ളതല്ലെങ്കിൽ മറ്റുള്ളവരെ എങ്ങനെ ഉപദേശിക്കാൻ സാധിക്കും. ഈ പ്രവർത്തിയെല്ലാം വളരെ സ്നേഹത്തോടും സഹകരണത്തോടും ചെയ്യേണ്ടതാണ്. ധനത്യാഗത്തിന്റെ പ്രാധാന്യം വിവരിക്കുക. ചിലപ്പോൾ ചിലർ നിങ്ങളോട് ദേഷ്യം പിടിക്കും. നിങ്ങൾ രണ്ടും മൂന്നും നാലും പ്രാവശ്യം അവരുടെ അടുത്തേക്ക് പോയിക്കൊണ്ടിരിക്കുക. എന്തു പറഞ്ഞാലും നിങ്ങളുടെ നെറ്റി ചുളിയരുത്.

ഞാൻ കൊടുക്കുന്ന ചന്ദ കൊണ്ടാണ് ജമാഅത്ത് മുന്നോട്ട് പോകുന്നതെന്നും അതുകൊണ്ടാണ് മാൽ സെക്രട്ടറി എപ്പോഴും എന്റെ പിന്നാലെ കൂടുന്നത് എന്നുമുള്ള ചിന്തയും കൊടുക്കുന്ന ആർക്കും ഉണ്ടാകരുത്. ജമാഅത്തിൽ സാമ്പത്തിക പ്രയാസം ഒരിക്കലും ഉണ്ടാകില്ല എന്നത് അല്ലാഹു ഹ: മസീഹ് മൗഊദ് (അ) നോട് ചെയ്ത വാഗ്ദാനമാണ്. നമ്മുടെ പ്രവർത്തികളെല്ലാം നടന്നുകൊണ്ടേ പോകും. ധനം ചെലവഴിക്കുന്നത് ശരിയായ രീതിയിൽ ആകുമോ എന്ന ഒരൊറ്റ ചിന്ത മാത്രമേ അദ്ദേഹത്തിനുണ്ടായിരുന്നുള്ളൂ. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ശരിയായ രീതിയിൽ ചെലവു ചെയ്യാനായി പൂർണ്ണമായി പരിശ്രമിച്ചുവരുന്നുണ്ട്. എവിടെയെങ്കിലും ചെലവിൽ അശ്രദ്ധ കാണുമ്പോൾ അതിനെ ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു. ജമാഅത്തിൽ ഓഡിറ്റ് സംവിധാനവും ഇതിനു വേണ്ടിയാണ് ഉണ്ടാക്കിയിട്ടുള്ളത്. അമീർ ജമാഅത്തും ചെലവിന്റെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. വന്ന ബില്ലെല്ലാം തന്നെ നിർബന്ധമായും പാസ്സാക്കിയിരിക്കണം എന്നില്ല. ഓഡിറ്റ് സംവിധാനത്തെ ശക്തിപ്പെടുത്തുക. ഓഡിറ്റർ ഏതു രീതിയിലാണ് പ്രവർത്തിക്കാൻ ഉദ്ദേശിക്കുന്നത് ആ രീതിയിൽ പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം നൽകേണ്ടതാണ്. പൂർണ്ണ അധികാരം നൽകണം.

ചെലവിനെക്കുറിച്ച് അല്പം പറയാം. എം.ടി.എ ക്ക് വേണ്ടി വലിയ ഒരു ചെലവാണ് വരുന്നത്. ഇതിനു വേണ്ടി പ്രത്യേക ഫണ്ട് തന്നെ ഉള്ളതാണ്. ലോകം മുഴുവനും എം.ടി.എ സംപ്രേഷണം ചെയ്യുന്നതിനായി നാലഞ്ച് സാറ്റലൈറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. അതു കൊണ്ട് ഇപ്പോൾ ചെലവ് വളരെ കൂടുതലാണ്. അതിന്റെ ഫണ്ട് കൊണ്ട് മാത്രം എം.ടി.എ ക്ക് മതിയാകുന്നതല്ല. ജമാഅത്തിന്റെ മൊത്തം ബജറ്റിൽ നിന്നും അതിനായി സംഖ്യ ചെലവഴിക്കുന്നുണ്ട്. ഇക്കാര്യത്തിലേക്ക് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇവിടെ നടക്കുന്ന ജൽസയിലെ രണ്ടാം ദിവസത്തെ എന്റെ പ്രസംഗം നിങ്ങൾ ശ്രദ്ധാപൂർവ്വം കേൾക്കുകയാണെങ്കിൽ അല്ലാഹു ജമാഅത്തിന്റെ ധനത്തിൽ എത്ര മാത്രമാണ് അനുഗ്രഹങ്ങൾ ഇടുന്നതെന്ന് ഓരോരുത്തർക്കും മനസ്സിലാകുന്നതാണ്. നമ്മുടെ പ്രവർത്തനം എത്ര മാത്രം വ്യാപ്തി കൈവരിക്കുന്നുണ്ടെന്നും മനസ്സിലാക്കാം. അല്ലാഹു ഓരോ വർഷവും എത്രമാത്രം ഫലം നൽകുന്നുണ്ടെന്നും ഏതു രീതിയിലാണ് നൽകുന്നത് എന്നുമെല്ലാം മനസ്സിലാകും. ഈ ചെലവെല്ലാം തന്നെ ജമാഅത്തംഗങ്ങളുടെ ധനത്യാഗത്തിലൂടെയാണ് നടക്കുന്നത്.

ഇതുകൂടാതെ സംഘടനാ തലത്തിലുള്ള ചില കാര്യങ്ങളിലേക്കും നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഞാൻ പറഞ്ഞതു പോലെ കാലത്തിന്റെ ഖലീഫയുടെ ഖുത്‌ബകൾ കേൾക്കേണ്ടത് വളരെ ആവശ്യമാണ്. ഇതേ പോലെ മറ്റു സന്ദർഭങ്ങളിൽ പറയപ്പെടുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതും അത്യാവശ്യമാണ്. ഭാരവാഹികൾ ഇവ്വിധ കാര്യങ്ങൾ ജമാഅത്തംഗങ്ങളുടെ ശ്രദ്ധയിൽ പെടുത്തുന്നതോടൊപ്പം സ്വയം ഈ കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. ഖുത്‌ബയിൽ വല്ല നിർദ്ദേശങ്ങളും ഉണ്ടെങ്കിൽ, തർബിയ്യത്ത് പരമായ വല്ല കാര്യവും പറഞ്ഞിട്ടുണ്ടെങ്കിൽ ഉടനെ അത് കുറിച്ചെടുക്കുകയും പ്രസിഡന്റ്മാർക്ക് ഉടനെ സർക്കുലർ അയക്കുകയും ചെയ്യേണ്ടത് അമീർമാരുടെ സുപ്രധാന

ജോലികളിൽ പെട്ടതാണ്. ഇതനുസരിച്ച് പ്രവർത്തിക്കുന്നുണ്ടോ എന്നും അവർ നിരീക്ഷിക്കേണ്ടതാണ്. അമേരിക്ക ജമാഅത്തിലെ അമീർ സാഹിബ് ഖുത്ബയിൽ വല്ല കാര്യവും വന്നാൽ അത് കുറിച്ചെടുക്കുകയും അതുടനെ ജമാഅത്തുകൾക്കെത്തിച്ചു കൊടുക്കുകയും ചെയ്യുന്നുണ്ടെന്ന റിപ്പോർട്ട് എനിക്ക് ലഭിക്കാറുണ്ട്. മറ്റു സ്ഥലങ്ങളിലും ഇങ്ങനെ പ്രവർത്തനം നടക്കുന്നുണ്ടാകാം. എനിക്ക് റിപ്പോർട്ട് മറ്റ് സ്ഥലങ്ങളിൽ നിന്ന് ലഭിക്കാറില്ല. ഏതായിരുന്നാലും എല്ലാവരും ഇങ്ങനെ ചെയ്യേണ്ടതാണ്.

യു.കെ ഒരു ചെറിയ രാജ്യമാണ്. ഇവിടെ ഇതു സംബന്ധമായി ശരിയായ രീതിയിൽ പ്രവർത്തിക്കുകയാണെങ്കിൽ മറ്റെല്ലാ ജമാഅത്തുകളേക്കാളും നല്ല രീതിയിൽ ഫലം ഇവിടെ ലഭിക്കുന്നതാണ്. ഇതു കൂടാതെ കേന്ദ്രത്തിൽ നിന്നും വിവിധ നിർദ്ദേശങ്ങൾ വരാറുണ്ട്. അവയെല്ലാം ഉടനെ ജമാഅത്തുകളിൽ എത്തിക്കുക എന്നതും അതിന്റെ തുടർനടപടികൾ എന്തായെന്ന് അന്വേഷിക്കേണ്ടതും അമീർമാരുടെ ജോലിയാണ്.

നാഷണൽ അമീർമാർ റീജനൽ അമീർമാരെ നിയമിച്ചു കൊണ്ട് അവർ എല്ലാം ചെയ്യും എന്ന് പറഞ്ഞ് ഇരിക്കരുത്. എല്ലാ പ്രവർത്തിയുടെയും ഉത്തരവാദിത്വം അവരിൽ മാത്രം ആവരുത്. ഇങ്ങനെ ആകാൻ പാടില്ല. ഇത് ശരിയായ രീതിയല്ല. ഇതു കാരണം കേന്ദ്രവും ജമാഅത്തും തമ്മിലുള്ള ബന്ധത്തിന് അകൽച്ച ഉണ്ടായിക്കൊണ്ടിരിക്കുന്നതായാണ് എന്റെ അനുഭവം പറയുന്നത്. കേന്ദ്രവുമായി ഞങ്ങൾക്ക് നേരിട്ട് ബന്ധപ്പെടാൻ സാധിക്കില്ലെന്ന ചിന്താഗതിയാണ് ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഈ ഒരു ചിന്താഗതിയും ഇല്ലാതെയാക്കാൻ ശ്രമിക്കേണ്ടതാണ്. അതുകൊണ്ട് ഇവിടെയും മറ്റു രാജ്യങ്ങളിലും അമീർമാർ വർഷത്തിൽ രണ്ട് പ്രാവശ്യമെങ്കിലും പ്രസിഡന്റുമാരുമായി മീറ്റിംഗ് നടത്തേണ്ടതാണ്. പ്രവർത്തനം ഏതു രീതിയിൽ നടക്കുന്നുണ്ടെന്ന് അവലോകനം നറത്തേണ്ടതാണ്. എത്ര ഓർമ്മപ്പെടുത്തിയിട്ടും പ്രവർത്തിക്കാത്ത പ്രസിഡന്റുമാരെക്കുറിച്ചുള്ള റിപ്പോർട്ട് എനിക്കയച്ചുതരിക. മാൽ സെക്രട്ടറി, തർബിയ്യത്ത് സെക്രട്ടറി, തബ്ലീഗ് സെക്രട്ടറി ഇവരുമായും രണ്ട് മീറ്റ്ംഗ് കഴിയില്ലെങ്കിൽ ഒരു മീറ്റിംഗ് എങ്കിലും നടത്തണം. പ്രവർത്തനം വിലയിരുത്തണം. ഈ സെക്രട്ടറിമാർ സജീവമായി പ്രവർത്തിക്കുകയാണെങ്കിൽ മറ്റു വകുപ്പുകളിലുള്ള പല പ്രശ്നങ്ങളും പരിഹരിക്കപ്പെടുന്നതാണ്. അതുകൊണ്ട് ഓരോ ജമാഅത്തിലും എത്തിക്കൊണ്ട്. ജമാഅത്തിനെ എങ്ങനെ കർമ്മനിരതമാക്കാൻ കഴിയും എന്ന പ്രോഗ്രാം ഇന്നുമുതൽ നാഷണൽ അമീർമാർ ഇടേണ്ടതാണ്. യു.കെ പോലെയുള്ള ചെറിയ രാഷ്ട്രങ്ങളിൽ ഇത് വലിയ പ്രയാസമുള്ള കാര്യമല്ല. കേന്ദ്രത്തിലോ ഏതെങ്കിലും റീജനിലോ അവരെ ഒരുമിച്ച് കൂട്ടാൻ സാധിക്കും. അമേരിക്ക, കാനഡ പോലുള്ള വലിയ നാടുകളിലുള്ളവർ ഓരോ പ്രാദേശിക ജമാഅത്തുമായി എങ്ങനെ ബന്ധപ്പെടാൻ സാധിക്കുമെന്നും അവരെ കർമ്മനിരതരാക്കാൻ സാധിക്കുമെന്നുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക.

മറ്റൊരു കാര്യം ഞാൻ പലവട്ടം പറഞ്ഞിട്ടുള്ളതാണ്. അത് ജമാഅത്തംഗങ്ങളോട് വളരെ സ്നേഹത്തോടും ആർദ്രതയോടു കൂടി പെരുമാറുക എന്നതാണ്. യു.കെ ശൂറയിൽ ഞാൻ ചെറിയ ഒരു പ്രഭാഷണം നടത്തിയിരുന്നു. അത് എല്ലാ ഭാരവാഹികളിലേക്കും എത്തേണ്ടതാണ്. വക്കാലത്തുത്തബ്ശീർ ഇത് എല്ലാവരിലും എത്തിക്കാനുള്ള സംവിധാനം ഒരുക്കേണ്ടതാണ്.

സംഘടനാ തലത്തിലുള്ള മറ്റൊരു കാര്യം ഭാരവാഹികൾ അവരവരുടെ വകുപ്പിലെ നിയമങ്ങളും ചട്ടങ്ങളും നിർബന്ധമായും വായിച്ചിരിക്കേണ്ടതാണ് എന്നതാണ്. ഓരോ വകുപ്പിന്റെയും ജോലി എന്താണെന്നും അവരുടെ പരിധി ഏതാണെന്നും ഓരോരുത്തരും അറിഞ്ഞിരിക്കേണ്ടതാണ്. നാഷണൽ അമീറുനുള്ള ഒരു നിർദ്ദേശം ഇതാണ്. റീജനൽ അമീർമാരെ അവർ ഏതെല്ലാം ഉത്തരവാദിത്വങ്ങളാണ് ഏൽപ്പിക്കുന്നത്. അത് കേന്ദ്രത്തെ അറിയിക്കേണ്ടതാണ്. ഇതനുസരിച്ച് എവിടെയും പ്രവർത്തിക്കുന്നില്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കാരണം ഈ വ്യക്തിയെ റീജനൽ അമീറായി നിയമിച്ചിട്ടുണ്ടെന്നും അവരുടെ ജോലി ഇതെല്ലാമാണെന്നും പറഞ്ഞുകൊണ്ടുള്ള കത്തൊന്നും എനിക്ക് വന്നിട്ടില്ല. 177ാം ചട്ടത്തിൽ ഇത് വ്യക്തമായി എഴുതിയിട്ടുള്ളതാണ്. ഇപ്പോൾ ഇതിന്റെ ആവശ്യം നേരിട്ടിരിക്കുകയാണ്. ഇക്കാര്യത്തിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. അമീർമാർ നിയമാവലിയിലെ 212 മുതൽ 220 വരെയുള്ള ചട്ടങ്ങൾ നിർബന്ധമായും വായിച്ചിരിക്കേണ്ടതാണ്. അത് മനസ്സിൽ സൂക്ഷിക്കണം. ഇതനുസരിച്ച് പ്രവർത്തിക്കുകയും വേണം. പ്രത്യേകിച്ച് ഏതെങ്കിലും കാര്യത്തിൽ തീരുമാനമെടുക്കേണ്ടതായി വരുമ്പോൾ ഇവ ഓർക്കുക.

ഇതുമായി ബന്ധപ്പെട്ടുകൊണ്ട് മുബല്ലിഗ്മാരെ ഒരു കാര്യം ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. അവരും അവരുടെ ഉത്ത്രവാദിത്വങ്ങൾ നിറവേറ്റുക. അവരുടെ ഒരു ഉത്തരവാദിത്വം ജമാഅത്തുകളിൽ വിശുദ്ധ ഖുർആൻ പഠിപ്പിക്കാനുള്ള സംവിധാനം ഉണ്ടാക്കുക എന്നതാണ്. വല്ലപ്പോഴും ജമാഅത്ത് സന്ദർശനത്തിന് പോകുമ്പോൾ കുട്ടികളെയും ഓതാൻ അറിയാത്തവരെയും വിശുദ്ധ ഖുർആൻ പഠിപ്പിക്കാൻ കഴിവുള്ള അധ്യാപകരെ അവർ തയ്യാറാക്കുക. ഈ ക്ലാസുകൾ സ്ഥിരമായി നടത്തണം. ആഴ്ച്ചയിൽ ഒരു ദിവസമോ രണ്ട് ദിവസമോ നടത്തിയാൽ പോരാ. മഗ്രിബ്, ഇശാ സമയത്ത് എപ്പോഴാണൊ സമയം കിട്ടുന്നത് അപ്പോൾ പഠിപ്പിക്കുക. മുറബ്ബിമാരും മുബല്ലിഗ്മാരും സന്ദർശനത്തിലല്ലെങ്കിൽ അവരുടെ സെന്ററുകളിൽ അവർ ഈ ക്ലാസുകൾ എടുക്കുക. ഞങ്ങളുടെ കുട്ടികളെ വിശുദ്ധ ഖുർആൻ പഠിപ്പിക്കാൻ ആരുമില്ലെന്ന പരാതി വന്നു കൊണ്ടിരിക്കുന്നു. ഞങ്ങൾക്ക് അനഹ്മദികളുടെ അടുത്ത് ചിലപ്പോൾ നിർബന്ധിത സാഹചര്യത്തിൽ പോകേണ്ടതായി വരുന്നു എന്നവർ എഴുതുന്നു. ഖാഇദ പഠിപ്പിക്കേണ്ടവർക്ക് ഖാഇദ പഠിപ്പിക്കുക. ഇങ്ങനെ കുട്ടികളെ നിങ്ങൾക്ക് പള്ളിയുമായി ബന്ധിപ്പിക്കാൻ സാധിക്കും. കേന്ദ്രവുമായി ബന്ധിപ്പിക്കാൻ സാധിക്കും. തർബിയ്യത്ത്പരമായും ഇത് വളരെ പ്രയോജനം ചെയ്യുന്നതാണ്. വിശുദ്ധ ഖുർആൻ പഠിപ്പിക്കുന്നതിന്റെ ഗുണം തീർച്ചയായും ലഭിക്കുന്നതുമാണ്.

മുബല്ലിഗ്മാരെ മൂന്ന് നാല് വർഷത്തിന് ശേഷം സ്ഥലം മാറ്റാറുണ്ട്. ആവശ്യം വന്നാൽ ഇതിനു മുമ്പും മാറ്റാറുള്ള

താണ്. ഏത് രാജ്യത്താണോ അതേ രാജ്യത്ത് തന്നെ മാറ്റുന്നു. ഇങ്ങനെ മാറ്റുമ്പോൾ ചില നാടുകളിൽ നിന്നും വന്നിരിക്കുന്ന പരാതി സ്ഥലം മാറുന്നതിൽ വളരെ പ്രയാസം പ്രകടിപ്പിക്കാറുണ്ട് എന്നതാണ്. അതിനാൽ സ്ഥലം മാറ്റം വളരെ സന്തോഷത്തോടെ സ്വീകരിക്കേണ്ടതാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ യു.കെ യിലുള്ള മുബല്ലിഗ്മാരിൽ ഈ ഒരു പ്രശ്നം ഇല്ലാ എന്നാണ് ഞാൻ അറിഞ്ഞിട്ടുള്ളത്.

മുബല്ലിഗ്മാർ ഏതെങ്കിലും ഭാരവാഹിയേയോ അതല്ലെങ്കിൽ അമീറിനെ തന്നെയോ വല്ല കാര്യത്തെക്കുറിച്ചും പറഞ്ഞു കൊടുക്കാനുണ്ടെങ്കിൽ, ജമാഅത്തിന്റെ ചര്യക്ക് വിരുദ്ധമായ വല്ല കാര്യമാണെങ്കിലും ശരീഅത്തിന് വിരുദ്ധമായ കാര്യമാണെങ്കിൽ തന്നെയും മര്യാദയോടും ആദരവോടും കൂടിയായിരിക്കണം അവരോട് പറയേണ്ടത്. നിങ്ങളുടെ കാര്യങ്ങൾ കേൾക്കുന്നില്ലെങ്കിൽ, ജമാഅത്തിന് ഇത് മുഖേന നഷ്ടം വരുന്നുണ്ടെങ്കിൽ ശരീഅത്തിന്റെ കൽപനകൾ ലംഘിക്കപ്പെടുന്നുണ്ടെങ്കിൽ എന്നെ നിങ്ങൾ അറിയിക്കുക. പരസ്പരം ചർച്ചയോ പിടിവാശിയോ ഒന്നും ഉണ്ടാകാൻ പാടില്ല. കാരണം ഇത് ജമാഅത്ത് സംവിധാനത്തിൽ വിള്ളലുണ്ടാക്കാൻ കാരണമായിത്തീരുന്നതാണ്. മുറബ്ബിമാർക്ക് മതകാര്യങ്ങളിൽ അമീർമാരോട് കാര്യങ്ങൾ പറയാമെന്ന് ഞാൻ നേരത്തെ പറഞ്ഞിരുന്നതാണ്. അതിന് വേണ്ടി ഏറ്റവും ഉത്തമ മാർഗം സ്വീകരിക്കേണ്ടതാണ്. ജമാഅത്ത് സംവിധാനത്തിന് കോട്ടം തട്ടാതെയായിരിക്കണം ഉപദേശിക്കേണ്ടത്. അല്ലാഹു നമുക്കെല്ലാവർക്കും ശരിയായ അഹ്മദി ആകുവാനും നമ്മുടെ ഉത്തരവാദിത്വങ്ങൾ ശരിയാം വണ്ണം നിർവ്വഹിക്കാനുമുള്ള തൗഫീഖ് നൽകുമാറാകട്ടെ.

ജുമുഅ നമസ്കാരത്തിന് ശേഷം ഒരു ജനാസ ഗാഇബ് ഞാൻ നമസക്കരിക്കുന്നതാണ്. അനീസാ ദാനിയ ഖാൻ സാഹിബയുടേതാണ്. കനഡയിലെ ഉമൂറെ ഖാരിജ സെക്രട്ടറി ആസിഫ് ഖാൻ സാഹിബിന്റെ ഭാര്യയായിരുന്നു. 6/8/2013 ന് 38 ാം വയസ്സിൽ വഫാത്താകുകയുണ്ടായി.

إِنَّا لِلّٰهِ وَ إِنَّآ إِلَيْهِ رٰجِعُوْنَ

ലബ്നാൻ ദേശത്തെ കനഡിയൻ മഹിളയായിരുന്നു. 1998 ലാണ് അഹ്മദിയ്യത്ത് സ്വീകരിച്ചത്. കർമ്മനിരതയായ ദാഈ ഇലല്ലാഹ് ആയിരുന്നു. തബ്ലീഗിന് നല്ല താൽപര്യമായിരുന്നു. നേഷണൽ സെക്രട്ടറി ലജ്നാ ഇമാഇല്ല എന്ന പദവിയിൽ സേവനമനുഷ്ഠിച്ചതു കൂടാതെ മറ്റു പല വകുപ്പുകളിലും പ്രാദേശികമായും ദേശീയമായും അവർ പ്രവർത്തിച്ചിട്ടുണ്ട്. എം.ടി.എ കനഡയുടെ സ്ഥിരം മെമ്പറായിരുന്നു. മീഡിയയിൽ ഇസ്ലാം അഹ്മദിയ്യത്തിന്റെ സന്ദേശം എത്തിക്കുന്നതിനായി എപ്പോഴും പ്രവർത്തിച്ചു വന്നു. ഇതിനായി കനഡയിൽ വിവിധ സ്ഥലങ്ങളിൽ സന്ദർശിച്ചിട്ടുണ്ട്. അമേരിക്കയിലും പോയിട്ടുണ്ട്. തന്റെ കാഴ്ച്ചപ്പാട് വളരെ ഭംഗിയായി ആകർഷകമായ രീതിയിൽ സമർപ്പിച്ചിരുന്നു. അധ്യാപികയായിരുന്നു. വൈസ് പ്രിൻസിപ്പാളായി അടുത്തിടെ നിയമിതയായതാണ്. വിദ്യാർത്ഥികളിൽ മാനുഷിക മൂല്യങ്ങൾ സ്ഥാപിക്കുന്നതിനായി എപ്പോഴും പരിശ്രമിച്ചിരുന്നു. അധ്യാപിക എന്ന നിലക്ക് പല അവാർഡുകളും കരസ്ഥമാക്കിയിട്ടുണ്ട്. ഖിലാഫത്തിനോട് വളരെ സ്നേഹബന്ധമായിരുന്നു. ഖിലാഫത്തിൽ നിന്നും വരുന്ന എല്ലാ പദ്ധതിയിലും അംഗമായിരുന്നു. പർദ്ദ പാലിച്ചിരുന്നു. സൃഷ്ടിസേവനരംഗത്ത് മുൻനിരയിലായിരുന്നു. മരണശേഷം അവയവദാനവും ചെയ്യുന്നതിനായി വസിയ്യത്ത് ചെയ്തിരുന്നു. ദരിദ്രരോട് സഹതാപമുള്ളവരും ഉദാത്തഭാര്യയും മാതൃകാ മാതാവും തന്റെ കടമകളെല്ലാം ഭംഗിയായി നിർവ്വഹിക്കുന്നവരുമായിരുന്നു. പാക്കിസ്ഥാനിലാണ് വിവാഹം നടന്നതെങ്കിലും അനിതര സാധാരണമായ രീതിയിൽ അവർ അഡ്ജസ്റ്റ് ചെയ്തു. ഇസ്ലാമിന്റെ അഭിമാനത്തെ കാത്തു സംരക്ഷിച്ച മുഖ്ലിസായ സ്ത്രീയായിരുന്നു. വസിയ്യത്ത് ചെയ്തിരുന്നു. മൂന്ന് പെൺകുട്ടികളുണ്ട്. അവർ വഖ്ഫെ നൗ പദ്ധതിയിൽ ഉൾപ്പെട്ടവരാണ്. ഇവരുടെ ബന്ധം വളരെ വിശാലമായിരുന്നു. ഇവരുടെ ജനാസയിൽ ആ സ്റ്റേറ്റിലെ മുഖ്യമന്ത്രി വന്നിരുന്നു. പാർലമെന്റ് മെമ്പർമാരും കൗൺസിലർമാരും സ്കൂളിലെ സഹാധ്യാപകരും കുട്ടികളും എല്ലാം അടങ്ങുന്ന വലിയ ഒരു ജനാവലി തന്നെ ഉണ്ടായിരുന്നു. വളരെ പ്രസിദ്ധയായിരുന്നു. സർവ്വപ്രിയയായിരുന്നു. ചെറിയവരിൽ നിന്നും വലിയവരിൽ നിന്നുമെല്ലാം ഇവരുടെ മഹത്വം ഞാൻ കേട്ടിട്ടുണ്ട്. അല്ലാഹു ഇവർക്ക് മഗ്ഫിറത്ത് നൽകട്ടെ. പദവികൾ ഉയർത്തട്ടെ. മക്കൾക്ക് ക്ഷമയും ധൈര്യവും നൽകട്ടെ. ഭർത്താവിനും ക്ഷമ നൽകട്ടെ.

## PRINTED BOOKS

To

From

**Ahmadiyya Mission House**
**K.N.Road Karapparamba**
**Calicut -10**

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2013 August 16 at : Baitul Futuh, UK
Translation: M.Nasir Ahmad, Kodiyathur - 09497343704

Typing: A.T.Nasarudheen
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**